(സി) വൈദ്യുത കണക്ഷൻ ലഭിച്ചതിനുശേഷമേ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് പറയുവാൻ കഴിയുകയുള്ളു.

ചിറ്റൂർ പുഴയിൽ ആർ.ബി.സി. കനാൽ

1416. [2141] ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ പുഴയുടെ ആർ.ബി.സി. കനാൽ വടകരപതി പഞ്ചായത്ത് വരെ നീട്ടിക്കിട്ടണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) കനാൽ നീട്ടി കൊടുക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര കിലോമീറ്റർ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ചിറ്റൂർപുഴ പദ്ധതിയുടെ മൂലത്തറ റഗുലേറ്ററിൽ ലഭ്യമായ ജലം മൂലത്തറ വലതുകര കനാൽ നീട്ടുന്നതുമൂലം പ്രയോജനം ലഭിക്കേണ്ട പ്രദേശങ്ങളുടെ ആവശ്യത്തിന് പര്യാപ്തമല്ല. ആവശ്യമായ ജലത്തിന്റെ അഭാവത്തിൽ കനാൽ നീട്ടുന്നതുകൊണ്ട് പ്രയോജനം ഉണ്ടാവുകയില്ല. ടി പ്രദേശങ്ങൾ കുറിയാർകുറ്റി കാരപ്പാറ പദ്ധതിയുടെ ആയക്കെട്ടിൽപ്പെടുന്നവയാണ്. ടി പദ്ധതി കേന്ദ്ര ഗവൺമെൻറിന്റെ പരിസ്ഥിതി വിഭാഗത്തിന്റെ എതിർ അഭിപ്രായം മൂലം പുനഃപരിശോധനയിലാണ്. പരിസ്ഥിതി വിഭാഗത്തിന് സൗകര്യമാകുന്ന വിധത്തിൽ പദ്ധതി ഭേദഗതി വരുത്തി അനുമതി നേടാനാണ് ശ്രമം. അനുമതി ലഭിച്ചശേഷമേ കനാൽ നീട്ടുന്ന പണി തുടരാൻ നിർവ്വാഹമുള്ളു.

ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസിൽ വരുന്ന കാലതാമസം

1417. [2145] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിൽഡിംഗ് റൂൾസ് ഏക്സംഷൻ അപ്പീലുകൾ തീർപ്പു കൽപ്പിക്കുന്നതിന് ചീഫ് ടൗൺ പ്ലാനിംഗ് ആഫീസിൽ വരുന്ന കാലതാമസം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അധികാര വികേന്ദ്രീകരണംവഴി ജില്ലാതലങ്ങളിൽ അപ്പീൽ തീർപ്പു കൽപ്പിക്കാനുള്ള സംവിധാനമുണ്ടാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബിൽഡിംഗ് റൂൾ ഏക്സംഷൻ അപ്പീലുകൾ തീർപ്പു കൽപ്പിക്കുന്നതിനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. ടി അപ്പീൽ

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകരും ഓരോന്നിലും തദ്ദേശ സ്വയംഭരണസ്ഥാപനം, ഡവലപ്മെന്റ് അതോറിറ്റി, ചീഫ് ടൗൺ പ്ലാനർ എന്നിവരുടെ സുവ്യക്തമായ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് സർക്കാർ തീർപ്പുകൽപ്പിക്കുന്നത്. ഈ പ്രക്രിയക്കാവശ്യമായ കാലയളവുമാത്രമെ ഇപ്പോഴും എടുക്കുന്നുള്ളൂ.

(ബി) 1984-ലെ കേരള ബിൽഡിംഗ് റൂൾ പ്രകാരം അപ്പീൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള അധികാരം സർക്കാരിൽമാത്രം നിക്ഷിപ്തമായതിനാൽ അധികാര വികേന്ദ്രീകരണം വഴി ജില്ലാതലങ്ങളിൽ സംവിധാനമുണ്ടാക്കാൻ ഉദ്ദേശിക്കുന്നില്ല.

ഗ്രേഡർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റി ജീവനക്കാർക്ക് പെൻഷൻ

1418. [2146] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഗ്രേഡർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റി ജീവനക്കാർക്ക് പെൻഷൻ നൽകുവാൻ അതോറിറ്റി ഡയറക്ടർബോർഡ് തീരുമാനമെടുക്കുകയും, അംഗീകാരത്തിനായി ഗവൺമെന്റിനോട് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് നടപ്പിൽ വരുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാത്തതിനു കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ എല്ലാ ഡവലപ്പ്മെന്റ് അതോറിറ്റി ജീവനക്കാർക്കും പെൻഷൻ നൽകുന്നതിനെപ്പറ്റി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(സി) ഗവൺമെന്റിനെ ആശ്രയിക്കാതെ, പെൻഷൻ നൽകുന്നതിനു വേണ്ടി ഒരു "പെൻഷൻ ഫണ്ട്" രൂപീകരിക്കാൻ കഴിയുമോ എന്ന് ഡവലപ്പ്മെന്റ് അതോറിറ്റി സെക്രട്ടറിമാരോട് ചോദിച്ചിരിക്കുകയാണ്. വിവരം ലഭിച്ചിട്ടില്ല.

ഗാർഹിക ആവശ്യത്തിനു ഉപയോഗിക്കുന്ന പൈപ്പുവെള്ളം

1419. [2147] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, നാലകത്തു സൂപ്പി :
,, എം. പി. എം. ഇസ്മായിൽ കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന പൈപ്പുവെള്ളം ഒരു നിശ്ചിത വരുമാനത്തിനു താഴെയുള്ള കുടുംബങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly